"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

പൊതുവിദ്യാഭ്യാസം - പാലക്കാട് ജില്ലയിലെ പരുത്തിപ്പള്ളി എ.എൽ.പി. സ്കൂളിലെ എൽ.പി.എസ്.ടി. ശ്രീമതി. ശാലിത എം. ന്റെ നിയമനാംഗീകാരം സംബന്ധിച്ച് സമർപ്പിച്ച പുന:പരിശോധന ഹർജി തീർപ്പാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

**പൊതുവിദ്യാഭ്യാസ (ബി) വകുപ്പ്**

**സ.ഉ.(സാധാ) നം.3757/2026/GEDN** തീയതി, തിരുവനന്തപുരം, 04-06-2026

പരാമർശം:-
1. സ.ഉ.(കൈ) നം.54/2024/പൊവിവ, തീയതി 01/06/2024.
2. പരുത്തിപ്പള്ളി എ.എൽ.പി. സ്കൂളിലെ എൽ.പി.എസ്.ടി. ശ്രീമതി. ശാലിത എം. സർക്കാർ മുൻപാകെ സമർപ്പിച്ച 18/09/2025 തീയതി റിവിഷൻ ഹർജി.
3. കുഴൽമന്ദം ഉപജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ 09/01/2026 തീയതിയിലെ AEOCYL/657/2025-D നമ്പർ കത്ത്.
4. പൊതുവിദ്യാഭ്യാസ ഓഫീസറുടെ 02/02/2026 തീയതിയിലെ DGE/433/2026-G1 നമ്പർ കത്ത്.

**ഉത്തരവ്**

പാലക്കാട് ജില്ലയിലെ കുഴൽമന്ദം വിദ്യാഭ്യാസ ഉപജില്ലയിൽപ്പെട്ട പരുത്തിപ്പള്ളി എ.എൽ.പി സ്കൂളിൽ ശ്രീമതി. ശാലിത എം,എൽ.പി.എസ്.ടി. യുടെ 01/08/2016 മുതലുള്ള നിയമനാംഗീകാരം സംബന്ധിച്ച് ടിയാൾ സർക്കാർ മുൻപാകെ പരാമർശം (2) പുന:പരിശോധന ഹർജി സമർപ്പിച്ചിരുന്നു. ഹർജി വിഷയം പരിശോധിക്കുന്നതിനായി 13/01/2026 തീയതിയിൽ ഗൂഗിൾ മീറ്റ് മുഖേന അനുവദിച്ച ഹിയറിങ്ങിൽ ശ്രീമതി. ശാലിതയുടെയും വിദ്യാഭ്യാസ ഓഫീസർമാരുടെയും പ്രതിനിധികൾ പങ്കെടുത്തു.

**2.ഹർജിവിഷയം ഇപ്രകാരമായിരുന്നു:-**

പാലക്കാട് വിദ്യാഭ്യാസ ജില്ലയിലെ കുഴൽമന്ദം വിദ്യാഭ്യാസ ഉപജില്ലയിൽപ്പെട്ട പരുത്തിപ്പള്ളി എ.എൽ.പി സ്കൂളിൽ 01/08/2016 മുതൽ എൽ.പി.എസ്.ടി ആയി എന്നെ നിയമിച്ചിട്ടുള്ളതാണ്. ഈ വിദ്യാലയത്തിലെ എൽ.പി.എസ്.ടി ശ്രീമതി പ്രഭലകുമാരി എം. 01/08/2016 മുതൽ സ്വയം വിരമിക്കുന്നതിനായി അപേക്ഷ സമർപ്പിച്ച സാഹചര്യത്തിൽ വ്യവസ്ഥാപിത ഒഴിവിലായിരുന്നു എന്റെ നിയമനം. എന്നാൽ, പ്രഭലകുമാരി എം. ന്റെ സേവനം കണക്കാക്കിയ പ്രകാരം സ്വയം വിരമിക്കലിനു മതിയായ സേവനം ലഭ്യമല്ലായിരുന്നു. ആയതിനാൽ സ്വയം വിരമിക്കലിനുള്ള അപേക്ഷ നിരസിക്കപ്പെട്ടതായിരുന്നു. ഈ സാഹചര്യത്തിൽ എന്റെ നിയമനവും കുഴൽമന്ദം ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ 21/07/2017 ലെ ഉത്തരവ് നം. ഡി/1140/2016 പ്രകാരം

നിരസിക്കുകയായിരുന്നു.

ഇതിനിടയിൽ, ശ്രീമതി പ്രഭലകുമാരിക്ക് ജോലിയിൽ തിരികെ പ്രവേശിക്കാൻ കഴിയാതെ വരികയും 08/05/2018 ന് മരണപ്പെടുകയും ആയിരുന്നു. ഇപ്രകാരം ഉണ്ടായ വ്യവസ്ഥാപിത ഒഴിവിൽ 01/08/2018 മുതൽ മാനേജർ എനിക്ക് സ്ഥിരനിയമനം നൽകുകയും കുഴൽമന്ദം ഉപജില്ല വിദ്യാഭ്യാസ ഓഫീസർ നിയമനം അംഗീകരിച്ച നൽകുകയും ചെയ്തിട്ടുള്ളതാണ്.

ശ്രീമതി പ്രഭലകുമാരി സേവനത്തിൽ നിന്നും വിട്ടു നിന്ന കാലയളവ് 01/06/2016 മുതൽ മരണപ്പെടുന്ന 08/05/2018 വരെയുള്ള കാലമാണ്. ഇപ്രകാരം സേവനത്തിൽ നിന്നും വിട്ടുനിന്ന കാലഘട്ടം ക്രമീകരിക്കുന്നതിനായി സർക്കാരിൽ അപേക്ഷ സമർപ്പിക്കുകയും പ്രസ്തുത കാലയളവ് 15/02/2019-ലെ സർക്കാർ ഉത്തരവ് നം. 596/2019/പൊ.വി.വ പ്രകാരം കെ.എസ് ആർ ഭാഗം 1 ചട്ടം 88 (iii) പ്രകാരം ശൂന്യവേതനാവധിയായി ക്രമീകരിച്ച് ഉത്തരവായിട്ടുള്ളതുമാണ്.

ഇപ്രകാരം ഞാൻ 01/06/2018 മുതൽ നിയമനം ലഭിച്ച തുടർന്നുവരുന്ന തസ്തിക അവധി ഒഴിവായി സർക്കാർ ക്രമീകരിച്ച നൽകിയ സാഹചര്യത്തിൽ 01/06/2016 മുതൽ 31/05/2018 വരെ മാനേജർ എന്നെ ലീവ് സബ്സ്റ്റിറ്റ്യൂട്ട് ആയി നിയമിച്ച് അംഗീകാരത്തിനായി കുഴൽമന്ദം ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർക്ക് പ്രൊപ്പോസൽ സമർപ്പിച്ചതായിരുന്നു. നിയമന കാലഘട്ടം അവധിയായി ക്രമീകരിച്ചതിന്റെ അടിസ്ഥാനത്തിൽ 09/03/2022-ലാണ് മാനേജർ നിമനാംഗീകാരത്തിനായി അപേക്ഷ സമർപ്പിച്ചിട്ടുള്ളത്. പ്രസ്തുത അപേക്ഷ 23/06/2024 തീയതിയിലെ ഉത്തരവ് നം. ഡി.ഡിസ്.ഡി/25918/2022 പ്രകാരം കുഴൽമന്ദം ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ നിരസിച്ചതായിരുന്നു.

പൊതുവിദ്യാഭ്യാസ ഡയറക്ടറിൽ നിന്നും 27/01/2022-ലെ കത്ത് പ്രകാരം 01/08/2016 മുതൽ മറ്റ വിധത്തിൽ ക്രമപ്രകാരം എങ്കിൽ അപ്രൂവൽ അനുവദിക്കുന്നതിന് നിർദ്ദേശിച്ചിട്ടുള്ളതാണ്. പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ കത്ത് പ്രകാരം നിയമനം അംഗീകരിക്കുന്നതിന് പകരം കുഴൽമന്ദം ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ 08/05/2018 വരെ ശ്രീമതി. പ്രഭലകുമാരിക്ക് ലാവണം നിലനിൽക്കുന്നുണ്ട് എന്ന് വിചിത്രമായ ഒരു കാരണം പറഞ്ഞ് നിയമനം നിരസച്ചിട്ടുള്ളതാണ്.

കുഴൽമന്ദം ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ നിയമനം നിരസിച്ചതിനെതിരെ പാലക്കാട് ജില്ലാ വിദ്യാഭ്യാസ ഓഫീസർക്ക് അപ്പീൽ സമർപ്പിച്ചതായിരുന്നു. ആയതു നിരസിക്കുകയുണ്ടായി. കുഴൽമന്ദം ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ സൂചിപ്പിച്ച കാരണങ്ങൾക്ക് പുറമെ പാലക്കാട് ജില്ലാ വിദ്യാഭ്യാസ ഓഫീസർ മൂന്നുമാസത്തിൽ കൂടുതലുള്ള അവധി ഒഴിവുകളിൽ സംരക്ഷിത അധ്യാപകനെ നിയമിക്കണം എന്ന വേറിട്ട ഒരു കാരണം കൂടി സൂചിപ്പിച്ചിരിക്കുന്നു.

ഒരു ജീവനക്കാരന് ലാവണം സിദ്ധിച്ച കഴിയുമ്പോൾ അദ്ദേഹം സേവനത്തിൽ നിന്ന് രാജിവെക്കുന്നത് വരെയും, റിട്ടയർ ചെയ്യുന്നതു വരെയും, മരണപ്പെടുന്നതു വരെയും ലാവണം തുടരുന്നതാണ്. ലീവിൽ ആയിരിക്കുമ്പോഴും സസ്പെൻഷനിൽ ആയിരിക്കുമ്പോഴും ഡെപ്യൂട്ടേഷനിൽ ആയിരിക്കുമ്പോഴും ജീവനക്കാരന്റെ ലാവണം തസ്തികയിൽ തുടരുമെന്നത് ചട്ടമാണ്. എന്നാൽ അവധി ഒഴിവുകളിൽ നിയമനം നടത്തരുതെന്ന് ചട്ടം നിർദ്ദേശിക്കുന്നില്ല.

ഇങ്ങനെയെങ്കിൽ കെ.എസ്.ആർ പാർട്ട് ഒന്നിലെ ചട്ടം അപ്പന്റിക്സ് XII(A), XII(B), XII(C) പ്രകാരം അനുവദിക്കുന്ന അവധി ഒഴിവുകളിൽ ഒന്നും നിയമനം നടത്താവുന്നതല്ല.

സംരക്ഷിത അധ്യാപക നിയമനം അസാദ്ധ്യമായ സാഹചര്യമാണ് എന്റെ നിയമനത്തിൽ വന്നു സംഭവിച്ചത്. എന്റെ നിയമനം 01/06/2016-ന് പ്രതീക്ഷിത റിട്ടയർമെന്റ് ഒഴിവിലായിരുന്നു. 08/05/2018-ന് അധ്യാപിക മരണപ്പെട്ട സാഹചര്യത്തിൽ സേവനത്തിൽ നിന്നും വിട്ടുനിന്ന കാലഘട്ടം സർക്കാർ അവധിയായി ക്രമീകരിക്കുന്നത് 15/02/2019-ലാണ് താനും. ജില്ലാ വിദ്യാഭ്യാസ ഓഫീസർ ഈ ഒഴിവിൽ സംരക്ഷിതാദ്ധ്യാപക നിയമനം വേണമെന്ന് നിർദ്ദേശിക്കുന്നത് 23/06/2024-ലെ ഉത്തരവിലും.

ഈ സാഹചര്യത്തിൽ 01/06/2016 മുതൽ റിട്ടയർമെന്റ് സൂചിപ്പിച്ച 01/06/2018 വരെ അവധി ഒഴിവിലും 2 മാസം 01/08/2016 മുതൽ റിട്ടയർമെന്റ് ഒഴിവിലും നിയമിച്ചതായി പരിഗണിച്ച് എന്റെ നിയമനം അപ്രൂവൽ അനുവദിച്ച് സേവനം ക്രമീകരിക്കുന്നതിന് ഉത്തരവിനായി അപേക്ഷിച്ചിരിക്കുന്നു

3. കുഴൽമന്ദം ഉപജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ റിപ്പോർട്ട് ഇപ്രകാരമാണ്:

പരുത്തിപ്പുള്ളി എ.എൽ.പി സ്കൂളിലെ എൽ.പി.എസ്.ടി. ആയിരുന്ന ശ്രീമതി. പ്രഭലകുമാരിയുടെ അവധി ഒഴിവിൽ ശ്രീമതി. ശാലിത എം.നെ 1.8.2016 മുതൽ 31.5.2018 വരെയുള്ള കാലയളവിൽ നിയമിക്കുകയും പ്രസ്തുത നിയമനം താഴെ പറയുന്ന കാരണങ്ങളാൽ കുഴൽമന്ദം എ.ഇ.ഒ നിരസിച്ചു നൽകുകയും ചെയ്തിരുന്നു.

ലോവർ പ്രൈമറി അധ്യാപികയായി ജോലിചെയ്തു വരവെ ശ്രീമതി. പ്രഭലകുമാരി അനാരോഗ്യം കാരണം സേവനത്തിൽ നിന്നും വിട്ടു നിന്ന 01/06/2016 മുതൽ 08/05/2018 വരെയുള്ള കാലയളവ് കെ.എസ്.ആർ ഭാഗം 1 ചട്ടം 88 (iii) അടിസ്ഥാനമാക്കി 18.5.2019-ലെ സ.ഉ (സാധാ)569/2019/പൊ.വി.വ പ്രകാരം ഇൻക്രിമെന്റ്, ഹയർഗ്രേഡ്, പെൻഷൻ ആർജ്ജിതാവധി എന്നിവയ്ക്ക് പരിഗണിക്കുകയില്ലെന്ന വ്യവസ്ഥയിൽ ശൂന്യവേതനാവധിയായി ക്രമീകരിച്ച് ഉത്തരവ് പുറപ്പെടുവിച്ചിരുന്നു.

01/06/2016 മുതൽ 08/05/2018 വരെയുള്ള ഈ അവധി ഒഴിവിലാണ് മാനേജർ ശ്രീമതി. ശാലിത എം.നെ 01/08/2016 മുതൽ 31/05/2018 വരെയുള്ള കാലയളവിലേക്ക് ശമ്പള സ്കെയിലിൽ സ്ഥിരനിയമനം നൽകി നിയമനാംഗീകാരത്തിനായി അപേക്ഷിച്ചിരിക്കുന്നത്. അതായത് അവധി ഒഴിവിലാണ് നിയമനം നൽകിയിരിക്കുന്നത്. (08/05/2018 തീയതിയിൽ ശ്രീമതി. പ്രഭലകുമാരി മരണമടയുകയും തുടർന്നുള്ള സ്ഥിര ഒഴിവിലേക്ക് മറ്റൊരു അപേക്ഷയിൽ 01/08/2018 മുതൽ ശ്രീമതി. ശാലിത എം.ന്റെ ലോവർ പ്രൈമറി അധ്യാപികയായുള്ള സ്ഥിരനിയമനം ഉപജില്ലാവിദ്യാഭ്യാസ കാര്യാലയം അംഗീകരിച്ചു നൽകുകയും ചെയ്തിട്ടുണ്ട്.)

ഇവിടെ അവധി ഒഴിവായി കണക്കാക്കപ്പെടുന്ന 01/06/2016 മുതൽ 08/05/2018 വരെയുള്ള കാലയളവിലെ 01/08/2016 മുതൽ 31/05/2018 വരെയുള്ള കാലയളവിലേക്കാണ് ശ്രീമതി ശാലിത എം.നെ മാനേജർ നിയമിച്ചിരിക്കുന്നത്. ഈ കാലയളവ് ശ്രീമതി. പ്രഭലകുമാരിക്ക് ശൂന്യവേതനാവധിയായി ക്രമീകരിച്ചു നൽകിയിട്ടുള്ളതിനാൽ ടി അധ്യാപികയുടെ ലാവണം

മരണ തീയതിയായ 08/05/2018 വരെ വിദ്യാലയത്തിൽ നിലനിൽക്കുന്നതായി കാണുന്നു. കൂടാതെ അക്കൗണ്ടന്റ് ജനറൽ ശ്രീമതി. പ്രഭലകുമാരിയുടെ പെൻഷൻ ആനുകൂല്യം അനുവദിച്ചു കൊണ്ടുള്ള ഉത്തരവിൽ 08/05/2018 (അധ്യാപിക മരണപ്പെട്ട തീയതി) ശ്രീമതി. പ്രഭലകുമാരിയുടെ റിട്ടയർമെന്റ് തീയതിയായികണക്കാക്കിയിരിക്കുന്നു.

05/08/2016-ലെ സർക്കാർ ഉത്തരവ് നമ്പർ 134/2016/പൊ.വി.വ ഖണ്ഡിക VIII പ്രകാരം മൂന്നു മാസത്തിൽ അധികമുള്ള അവധി ഒഴിവുകളിൽ സംരക്ഷിതാദ്ധ്യാപകരെ പുനർവിന്യസിക്കുകയാണ് ചെയ്യേണ്ടത്. ഇക്കാരണത്താൽ 01/08/2016 മുതൽ 31/05/2018 വരെയുള്ള ശ്രീമതി. ശാലിതയുടെ നിയമനം ഉപജില്ലാ വിദ്യാഭ്യാസ ഓഫീസറും പാലക്കാട് ജില്ലാ വിദ്യാഭ്യാസ ഓഫീസറും നിരസിക്കുകയുണ്ടായി. നിയമനം നിരസിച്ചു കൊണ്ടുള്ള ഉത്തരവിലൂടെ 04/03/2020 തീയതിയിലെ ജി1/85691/2018 പ്രകാരമുള്ള പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ നിർദ്ദേശവും തുടർന്നുള്ള 27/01/2022 ലെ കത്ത് പ്രകാരമുള്ള നിർദ്ദേശവും ഉപജില്ല വിദ്യാഭ്യാസ ഓഫീസിൽ നിന്നും നടപ്പിലാക്കിയിട്ടുണ്ടെന്ന വിവരവും റിപ്പോർട്ട് ചെയ്യുന്നു.

**4. പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ റിപ്പോർട്ട് ഇപ്രകാരമാണ് :**

എ.എൽ.പി. സ്കൂൾ പരുത്തിപ്പുള്ളിയിലെ ലോവർ പ്രൈമറി അധ്യാപികയായിരുന്ന ശ്രീമതി. പ്രഭലകുമാരിയുടെ അവധി ഒഴിവിൽ ശ്രീമതി. ശാലിത എം. നെ 01/08/2016 മുതൽ 31/05/2018 വരെ കാലയളവിൽ ശമ്പള സ്കെയിലിൽ നിയമിച്ചാണ് മാനേജർ നിയമനാംഗീകാരത്തിനായി അപേക്ഷ സമർപ്പിച്ചിരുന്നത്.

പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയത്തിൽ നിന്നും അനുവദിച്ച റിവിഷൻ അപ്പീൽ G1/85691/18/DGE dated 4.3.2020 ഉത്തരവിന്റെ അടിസ്ഥാനത്തിലാണ് മാനേജർ 01/08/2016 മുതൽ 31/05/2018 വരെയുള്ള നിയമനാംഗീകാര പ്രൊപ്പോസൽ മാനേജർ പുന:സമർപ്പിച്ചിരിക്കുന്നത്.

ലോവർ പ്രൈമറി അദ്ധ്യാപികയായി ജോലി ചെയ്തു വരവെ ശ്രീമതി. എം. പ്രഭലകുമാരി അനാരോഗ്യം കാരണം സേവനത്തിൽ നിന്നും സ്വയം വിരമിക്കൽ അപേക്ഷ നൽകി വിട്ടുനിൽക്കുകയും, ഈ ഒഴിവിൽ മാനേജർ ശ്രീമതി. ശാലിത എം.നെ 01/08/2016 മുതൽ 31/05/2018 കാലയളവിൽ ശമ്പള സ്കെയിലിൽ നിയമിക്കുകയും ചെയ്തു.

സ്വയം വിരമിക്കലിന് അംഗീകാരം ലഭിക്കാത്തതിനാൽ വിട്ടുനിന്ന 01/06/2016 മുതൽ മരണ തീയതിയായ 08/05/2018 വരെയുള്ള കാലയളവ് കെ.എസ്.ആർ ഭാഗം 1 ചട്ടം 88 (iii) അടിസ്ഥാനമാക്കി 15.5.2019-ലെ സ.ഉ (സാധാ) 569/2019/പൊ.വി.വ പ്രകാരം ഇൻക്രിമെന്റ്, ഹയർഗ്രേഡ്, പെൻഷൻ, ആർജ്ജിതാവധി എന്നിവയ്ക്ക് പരിഗണിക്കുകയില്ലെന്ന വ്യവസ്ഥയിൽ ശൂന്യവേതനാവധിയായി ക്രമീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുകയും ചെയ്തിരുന്നു.

1.6.2016 മുതൽ 8.5.2018 വരെയുള്ള ഈ അവധി ഒഴിവിലാണ് മാനേജർ ശ്രീമതി. ശാലിത എം.നെ 01/08/2016 മുതൽ 31/05/2018 വരെയുള്ള കാലയളവിലേക്ക് ശമ്പള സ്കെയിലിൽ സ്ഥിരനിയമനം നൽകി നിയമനാംഗീകാരത്തിനായി അപേക്ഷിച്ചിരുന്നത്. അതായത് അവധി ഒഴിവിലാണ് നിയമനം നൽകിയിരിക്കുന്നത്, അവധി ഒഴിവിലെ നിയമനങ്ങൾ

ദിവസവേതനാടിസ്ഥാനത്തിലോ സംരക്ഷിതാദ്ധ്യാപകരെ ഉപയോഗിച്ചോ നികത്തണമെന്നാണ് നിലവിലെ ചട്ടങ്ങൾ. (08/05/2018 തീയതിയിൽ ശ്രീമതി. പ്രഭലകുമാരി മരണമടയുകയും തുടർന്നുള്ള സ്ഥിര ഒഴിവിലേക്ക് മറ്റൊരു അപേക്ഷയിൽ 01/08/2018 മുതൽ ശ്രീമതി. ശാലിത എം.ന്റെ ലോവർ പ്രൈമറി അധ്യാപികയായുള്ള സ്ഥിര നിയമനം ഉപജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ കാര്യാലയം അംഗീകരിച്ചു നൽകുകയും ചെയ്തിട്ടുണ്ട്).

ഈ കാലയളവ് ശ്രീമതി. പ്രഭലകുമാരിക്ക് ശൂന്യവേതനാവധിയായി ക്രമീകരിച്ചു നൽകിയിട്ടുള്ളതിനാൽ ടി അധ്യാപികയുടെ ലാവണം മരണ തീയതിയായ 08/05/2018 വരെ വിദ്യാലയത്തിൽ നിലനിൽക്കുന്നതായി കാണുന്നു. ശ്രീമതി. പ്രഭലകുമാരിയുടെ പെൻഷൻ ആനുകല്യം അനുവദിച്ചു കൊണ്ടുള്ള അക്കൗണ്ടന്റ് ജനറലിന്റെ ഉത്തരവിൽ 08/05/2018 (അധ്യാപിക മരണപ്പെട്ട തീയതി) ശ്രീമതി. പ്രഭലകുമാരിയുടെ റിട്ടയർമെന്റ് തീയതിയായി കണക്കാക്കിയിരിക്കുന്നു. ആയതിനാൽ ഈ അവധി ഒഴിവിൽ സ്ഥിരനിയമനം ശമ്പള സ്കെയിലിൽ അംഗീകരിക്കുവാൻ നിലവിലെ സർക്കാർ ഉത്തരവുകൾ പ്രകാരം നിർവ്വാഹമില്ല. ആയതിനാലാണ് നിയമനം നിരസിച്ചു നൽകിയിട്ടുള്ളത്. ഈ ഉത്തരവിനെതിരെ മാനേജർ അപ്പീൽ സമർപ്പിക്കുകയും ഈ അപ്പീൽ പാലക്കാട് ജില്ലാ വിദ്യാഭ്യാസ ഓഫീസർ നിരസിച്ചു നൽകിയിട്ടുള്ളതുമാണ്.

29/6/2019-ലെ സ.ഉ. (സാധാ) നം.2612/2019/പൊ.വി.വ പ്രകാരം 2016-17 അധ്യയന വർഷം 30 ദിവസത്തിൽ കൂടുതലുള്ളതും ഒരു അക്കാദമിക വർഷത്തിൽ കുറവുള്ളതുമായ നിയമനങ്ങളേ ദിവസവേതനാടിസ്ഥാനത്തിലാണെങ്കിലും അംഗീകരിക്കുവാൻ നിർവ്വാഹമുള്ളൂ. മൂന്ന് മാസത്തിൽ കൂടുതലുള്ള നിയമനങ്ങൾ സംരക്ഷിതാദ്ധ്യാപകരെ ഉപയോഗിച്ച് നികത്തണമെന്ന് 05/08/2016-ലെ സർക്കാർ ഉത്തരവ് നമ്പർ 134/2016/പൊ.വി.വ പ്രകാരവും തുടർന്നുള്ള വർഷങ്ങളിലെ ഉത്തരവുകൾ പ്രകാരവും നിഷ്കർഷിക്കപ്പെടുന്നുണ്ട്. ആയതിനാലാണ് ശ്രീമതി. ശാലിത എം.ന്റെ 01/08/2016 മുതൽ 31/05/2018 വരെയുള്ള അവധി ഒഴിവിലെ എൽ.പി.എസ്.ടി നിയമനം നിരസിച്ച് ഉത്തരവാക്കിയത്.

5 . ഹർജി വിഷയം വിദ്യാഭ്യാസ ഓഫീസർമാരുടെ റിപ്പോർട്ട്, നിലവിലെ സർക്കാർ ഉത്തരവുകൾ, KER ചട്ടങ്ങൾ എന്നിവയുടെ അടിസ്ഥാനത്തിൽ വിശദമായി പരിശോധിച്ചു. പാലക്കാട് കുഴൽമന്ദം വിദ്യാഭ്യാസ ഉപജില്ലയിൽപ്പെട്ട പരുത്തിപ്പള്ളി എ.എൽ.പി. സ്കൂളിലെ ശ്രീമതി. പ്രഭലകുമാരി സ്വയം വിരമിക്കുന്നതിന് അപേക്ഷ സമർപ്പിച്ചതിനാൽ സേവനത്തിൽ നിന്നും വിട്ടുനിന്ന 01/06/2016 മുതൽ 08/05/2018 വരെയുള്ള കാലയളവിലാണ് ശ്രീമതി ശാലിതയെ 01/08/2016 മുതൽ 31/05/2018 വരെ മാനേജർ നിയമിച്ചു അംഗീകാരത്തിനായി അപേക്ഷ സമർപ്പിച്ചത്. ശ്രീമതി. പ്രഭലകുമാരി സ്വയം വിരമിക്കുന്നതിനു അവശ്യം വേണ്ട സർവീസ് പൂർത്തിയാക്കിയിട്ടില്ലാത്തതിനാൽ ടിയാളുടെ അപേക്ഷ അംഗീകരിക്കാത്തതിലൂടെ 01/08/2016 മുതൽ 31/05/2018 വരെയുള്ള ശ്രീമതി. ശാലിതയുടെ നിയമനം നിരസിച്ച വിദ്യാഭ്യാസ ഓഫീസർമാരുടെ നടപടി ക്രമപ്രകാരമാണ് എന്ന് കാണാവുന്നതാണ്. ശ്രീമതി. പ്രഭലകുമാരിയുടെ 1/6/2016 മുതൽ 8/5/2018 വരെയുള്ള ഒഴിവു ശൂന്യവേതനാവധിയായി ക്രമീകരിച്ചത് 2019-ൽ 15.5.2019-ലെ സ.ഉ. (സാധാ) നം. 569/2019/പൊ.വി.വ പ്രകാരം മാത്രമാകയാൽ ഹർജിക്കാരി വാദിച്ചിരിക്കുന്നതുപോലെ ടിയാളുടെ നിയമനം അവധി ഒഴിവിലായിരുന്നു എന്ന് കരുതുവാൻ കഴിയുകയില്ല. കൂടാതെ, വിദ്യാഭ്യാസ ഓഫീസർമാർ വ്യക്തമാക്കിയിട്ടുള്ളത് പ്രകാരം ശ്രീമതി. പ്രഭലകുമാരി സ്വയം വിരമിക്കുന്നതിന് അപേക്ഷ

സമർപ്പിച്ചതിനാൽ സേവനത്തിൽ നിന്നും വിട്ടുനിന്ന കാലയളവ് ശൂന്യവേതനാവധിയായി ക്രമീകരിച്ച് നൽകിയിട്ടുള്ളതിനാൽ ടി അധ്യാപികയുടെ ലാവണം മരണ തീയതിയായ 08/05/2018 വരെ വിദ്യാലയത്തിൽ നിലനിൽക്കുന്നതായി കാണുന്നു. ശ്രീമതി. പ്രഭലകുമാരിയുടെ പെൻഷൻ ആനുകൂല്യം അനുവദിച്ചു കൊണ്ടുള്ള അക്കൗണ്ടന്റ് ജനറലിന്റെ ഉത്തരവിൽ 08/05/2018 (അദ്ധ്യാപിക മരണപ്പെട്ട തീയതി) ശ്രീമതി. പ്രഭലകമാരിയുടെ റിട്ടയർമെന്റ് തീയതിയായി കണക്കാക്കിയിരിക്കുന്നു എന്നും റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ശ്രീമതി പ്രഭലകുമാരി സ്വയം വിരമിക്കുന്നതിനായി അപേക്ഷ സമർപ്പിച്ച ശേഷം സേവനത്തിൽ നിന്നും വിട്ടു നിന്ന കാലയളവ് അവധിയൊഴിവായി കണക്കാക്കിയാൽ തന്നെയും എയ്ഡഡ് അദ്ധ്യാപകരുടെ മൂന്നു മാസത്തിലധികമുള്ള എല്ലാ അവധി ഒഴിവുകളിലും സംരക്ഷിത അധ്യാപകരെയാണ് നിയമിക്കേണ്ടത് എന്ന് 05/08/2016-ലെ G.O(P)No 134/2016/G.Edn പ്രകാരം വ്യക്തമാക്കിയിരിക്കുന്നതിനാലും ശ്രീമതി. പ്രഭലകുമാരി സേവനത്തിൽ നിന്നും വിട്ടുനിന്ന കാലയളവ് മൂന്നു മാസത്തിലധികമാകയാലും ടി കാലയളവിലെ ശ്രീമതി. ശാലിതയുടെ നിയമനം അംഗീകരിക്കാവുന്നതല്ല.

**6.** മേൽ സാഹചര്യത്തിൽ, പാലക്കാട് കുഴൽമന്ദം വിദ്യാഭ്യാസ ഉപജില്ലയിൽപ്പെട്ട പരുത്തിപ്പുള്ളി എ.എൽ.പി സ്കൂളിൽ 01/08/2016 മുതൽ 31/05/2018 വരെയുള്ള ശ്രീമതി ശാലിത എം.ന്റെ നിയമനം ശമ്പള സ്കെയിലിൽ അംഗീകരിക്കണമെന്ന ആവശ്യം നിരസിച്ചുകൊണ്ട് അപ്രകാരം ടിയാളുടെ പരാമർശം (2) പുന:പരിശോധന ഹർജി തീർപ്പാക്കി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
SHEEJA R S
അഡിഷണൽ സെക്രട്ടറി

പൊതുവിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം.
വിദ്യാഭ്യാസ ഉപഡയറക്ടർ, പാലക്കാട് - 678 001.
ജില്ലാ വിദ്യാഭ്യാസ ഓഫീസർ, പാലക്കാട് - 678 001.
ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ, കുഴൽമന്ദം - 678 702.
മാനേജർ, എ.എൽ.പി. സ്കൂൾ, പരുത്തിപ്പുള്ളി, പാലക്കാട് - 678 573.
ശ്രീമതി. ശാലിത എം., എൽ.പി.എസ്.ടി., എ.എൽ.പി. സ്കൂൾ, പരുത്തിപ്പുള്ളി, പാലക്കാട് - 678 573.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ ആഡിറ്റ്), കേരള, തിരുവനന്തപുരം.
വിവര പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്.
കരുതൽ ഫയൽ (GEDN-B3/270/2025-G.EDN).

ഉത്തരവിൻ പ്രകാരം
Signed by
Meera S S
Date: 04-06-2026 10:24:31
സെക്ഷൻ ഓഫീസർ